ഗൾഫ് രാജ്യങ്ങളേയും, അനുഗ്രഹിച്ചിട്ടുമുണ്ട്. ജപ്പാന്റെയും മററും വ്യാവസായിക വിജ്ഞാനവും ഗൾഫ് രാജ്യങ്ങളുടെ മൂലധനവും ഇന്ത്യപോലെയുള്ള രാജ്യങ്ങളിലെ ജനകോടികളുടെ അദ്ധ്വാനവും ഒന്നിച്ചു ചേർക്കാൻ കഴിഞ്ഞാൽ വടക്കേ അമേരിക്കയിലും പടിഞ്ഞാറെ യൂറോപ്പിലും ഇന്നുള്ള സമ്പദ്സമൃദ്ധി ഏതാനും ദശാബ്ദങ്ങൾക്കുള്ളിൽ ഏഷ്യയിലും സാർവത്രികമായിക്കൂടായ്കയില്ല. അപ്പോൾ സാങ്കേതിക പരിജ്ഞാനത്തിനും യന്ത്രസാമഗ്രികൾക്കും പ്രവർത്തന മൂലധനത്തിനുംവേണ്ടി പാശ്ചാത്യ ശക്തികളുടെ മുഖം നോക്കി നില്ക്കേണ്ട ആവശ്യം ഏഷ്യക്കാർക്ക് ഉണ്ടാവുകയില്ല.

ഇന്ന് ഇതൊരു സ്വപ്നം മാത്രമായിരിക്കാം. പക്ഷേ, ഇന്നത്തെ പല സ്വപ്നങ്ങളും നാളെ യാഥാർത്ഥ്യങ്ങളായിക്കൂടെന്നില്ലല്ലോ. പരസ്പര സഹകരണത്തിലൂടെ ഏഷ്യ ഉണർന്നെഴുന്നേല്ക്കുകയും മുന്നോട്ടു നീങ്ങുകയുമാണെങ്കിൽ, മനുഷ്യവർഗത്തിനാകെ അതിലേറെ ആഹ്ലാദകരമായ മറെറാരു സംഭവവികാസം ഉണ്ടാകാനില്ല.

8 സെപ്തംബർ, 1982

# 5. ഈറാൻ–ഇറാക്ക് യുദ്ധം

ഈറാനും ഇറാക്കും തമ്മിൽ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന യുദ്ധം ആരംഭിച്ചതു് ഇരുപത്തിമൂന്നു മാസം മുമ്പ്, 1980 സെപ്തംബറിൽ, ഈറാന്റെ കീഴിലായിരുന്ന, ധാരാളം എണ്ണനിക്ഷേപങ്ങളുള്ള ഖുസിസ്ഥാൻ പ്രദേശത്തേക്ക് ഇറാക്ക്സൈന്യം ആക്രമിച്ചു കടന്നപ്പോഴാണ്. 1979-ൽ മതനേതാവായ ആയത്തൊള്ള ഖൊമൈനിയുടെ നേതൃത്വത്തിൽ നടന്ന കലാപവും ഷാ ചക്രവർത്തിയുടെ പലായനവുംമൂലം ഈറാനിൽ വ്യവസ്ഥാപിതഭരണം ഏറെക്കുറെ നാമാവശേഷമായിത്തീർന്നിരുന്നു. ഈ അവസരം ഉപയോഗപ്പെടുത്തിയാണ്, പഴയ അതിർത്തിത്തർക്കങ്ങൾ പരിഹരിക്കുന്നതിനെന്ന ഭാവത്തിൽ, പേഴ്സ്യൻ ഉൾക്കടൽ പ്രദേശത്തു് തന്റെ പ്രാമാണ്യം ഉറപ്പിക്കുന്നതിനായി, ഇറാക്കിന്റെ പ്രസിഡണ്ടായ സദ്ദാം ഹുസൈൻ, യൂഫ്രട്ടീസ്–ടൈഗ്രീസ് നദികളുടെ അഴിമുഖത്തു് കടൽ കരയിലേക്കു തള്ളി നീണ്ടുകിടക്കുന്നതുകൊണ്ട് ഉണ്ടായ ഷാററ്–അൽ–അരബ് എന്ന ജലമാർഗം കടന്ന് ഇറാക്കിലെ എണ്ണയുല്പാദന കേന്ദ്രമായ ഖൊറംഷഹർ എന്ന തുറമുഖപട്ടണം പിടിച്ചെടുത്തതു്. തുടർന്ന് ഖൊമൈനി സദ്ദാം ഹുസ്സൈനെ ഇസ്ലാമിന്റെ ശത്രുവായി പ്രഖ്യാപിക്കുകയും, ഇറാക്കിന്നെതിരെ 'ജിഹാദ്'' (മതയുദ്ധം) ആരംഭിക്കുകയും ചെയ്തു.

ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തിൽ ഈറാൻ സൈന്യം ഖൊറംഷഹർ തിരിച്ചു പിടിച്ചു. ജൂൺ മാസത്തിൽ സദ്ദാം ഹുസ്സൈൻ ഏകപക്ഷീയമായി വെടി നിറുത്തുകയും, തന്റെ സൈന്യങ്ങളെ മുഴുവൻ ഈറാനിൽ നിന്നു പിൻവലിക്കുകയും, ഈറാനോട്ട് സന്ധിക്ക് അപേക്ഷിക്കുകയും ചെയ്തു. പക്ഷേ, മതനേതാവെന്ന നിലയിൽ ഈറാനിലെ ഭരണം നിയന്ത്രിക്കുന്ന ഖൊമൈനിയുടെ ലക്ഷ്യം സന്ധിയല്ലായിരുന്നു. ഇറാക്കിന്റെ പ്രസിഡണ്ട് സ്ഥാനം സദ്ദാം ഹുസ്സൈൻ രാജിവെക്കണം; ഇറാക്കിലെ ഭരണകക്ഷിയായ ബാത്ത് പാർട്ടി പിരിഞ്ഞുപോകണം; ഇറാക്കിൽ, ഈറാനിലെന്നപോലെ, ശുദ്ധമായ ഒരു ഇസ്ലാമിക ഭരണകൂടം സ്ഥാപിക്കണം; ഇറാക്കിൽനിന്ന് ഓടിപ്പോയ, ഈറാൻ വംശജരായ, ഒരു ലക്ഷം ഷിയാ മുസ്ലിങ്ങളെ ഇറാക്കിൽ വീണ്ടും കുടിയിരുത്തണം; പതിനയ്യായിരം കോടി

(നൂറ്റമ്പതു ബില്യൺ) ഡോളർ യുദ്ധനഷ്ടപരിഹാരമായി ഇറാക്ക് ഈറാനു കൊടുക്കണം — ഇത്രയും വ്യവസ്ഥകളുടെ അടിസ്ഥാനത്തിലേ ഖൊമൈനി ഇറാക്കുമായി സന്ധിക്ക് തയ്യാറുള്ളൂ. അതിനാൽ യുദ്ധം നീണ്ടുപോയി. ഈറാനിലെ സൈന്യങ്ങൾ ഷാററ്-അൽ-അരബ് തീരത്തിലുടനീളം ഇറാക്കിലേക്കു കടന്ന് ആക്രമണം ആരംഭിച്ചു.

ഒരു ലക്ഷം ഈറാൻ പട്ടാളക്കാർ ഈ ആക്രമണത്തിൽ പങ്കെടുത്തിരുന്നുവത്രേ. ഇവരിൽ പന്ത്രണ്ടും പതിമൂന്നും വയസ്സായ കുട്ടികളും ഉൾപ്പെട്ടിരുന്നു. ഇറാക്കിന്റെ എണ്ണവ്യാപാരകേന്ദ്രമായ ബസ്ര നഗരമായിരുന്നു ഈ ആക്രമണത്തിന്റെ ലക്ഷ്യം. ആക്രമണസൈന്യം ബസ്രയുടെ എട്ടു മൈൽ അടുത്തെത്തി. ഒരു ലക്ഷത്തിയിരുപതിനായിരത്തിലേറെ ഇറാക്ക് പടയാളികൾ ഈ ആക്രമണത്തെ ചെറുത്തു. രണ്ടാം മഹായുദ്ധത്തിനു ശേഷം കരയിൽ നടന്ന ഏറ്റവും വലിയ പോരാട്ടം ആയിരുന്നുവത്രേ ഇത്. ആയിരക്കണക്കിന് പട്ടാളക്കാർ ഇരുവശത്തും മരിച്ചു. ഒട്ടേറെ ടാങ്കുകൾ തകർന്നു തരിപ്പണമായി. രണ്ട് ഇറാക്ക് ഡിവിഷനുകളെ തങ്ങൾ നശിപ്പിച്ചതായി ഈറാൻകാർ അവകാശപ്പെട്ടു. പക്ഷേ, അവസാനം ഇറാക്കുകാർ ജയിച്ചുവെന്നാണു പറഞ്ഞുകേൾക്കുന്നത്. ഇതെഴുതുമ്പോൾ, രണ്ടാമത്തും വമ്പിച്ച ഒരു ആക്രമണത്തിന് ഈറാൻകാർ തയ്യാറെടുക്കുകയാണത്രേ.

ജൂതന്മാരായ ഇസ്രായേലും മുസ്ലിങ്ങളായ പാലസ്തീൻ അറബികളും തമ്മിലുള്ള യുദ്ധം നമുക്കു മനസ്സിലാക്കാം. അയല്ക്കാരും മുസ്ലിങ്ങളുമായ ഈറാൻകാരും ഇറാക്കുകാരും തമ്മിൽ ഇത്ര കടുത്ത പോര് എന്തിനു നടത്തുന്നുവെന്ന് മനസ്സിലാക്കുക അല്പം പ്രയാസമാണ്.

മതം ഇസ്ലാമാണെങ്കിലും ഇറാക്കുകാരും ഈറാൻകാരും വ്യത്യസ്ത വർഗങ്ങളിൽപ്പെട്ടവരാകുന്നു. ഇറാക്കുകാർ സെമിററിക്ക് വർഗത്തിൽപ്പെട്ടവരും അറബിഭാഷ സംസാരിക്കുന്നവരുമത്രേ. ഈറാൻകാരാകട്ടെ, ഇൻഡോ—ആര്യൻ വർഗത്തിൽപ്പെട്ടവരാണ്; അവർ പേർഷ്യൻ ഭാഷ സംസാരിക്കുന്നു. ഈ ജനതകൾ തമ്മിലുള്ള വർഗപരമായ മാത്സര്യം തുടച്ചുനീക്കാൻ, ഇസ്ലാമിന് ആയിരത്താണ്ടുകൾകൊണ്ടും സാധിച്ചിട്ടില്ല.

ഇസ്ലാമിലെ രണ്ടു പ്രബല വിഭാഗങ്ങളാണ് സുന്നികളും ഷിയകളും. ലോകത്തിലാകെ എഴുപത്തഞ്ചു കോടിയോളം മുസ്ലിങ്ങളുണ്ട്. ഇവരിൽ എൺപതു ശതമാനവും സുന്നികളാണ്; ഇരുപതു ശതമാനം മാത്രമാണ് ഷിയകൾ. ഈറാനിലും ബഹ്റിനിലും ഭൂരിപക്ഷം ഷിയകൾക്കാകുന്നു. ഇറാക്കിൽ ഒരു കോടി നാല്പതു ലക്ഷം വരുന്ന ആകെ ജനസംഖ്യയുടെ അമ്പത്തഞ്ചു ശതമാനവും ഷിയകളാണ്. സൗദി അറേബ്യ, ലെബനോൺ, കുവെയ്ത്ത് എന്നിവിടങ്ങളിലും ഷിയ ന്യൂനപക്ഷങ്ങളുണ്ട്. പാകിസ്ഥാൻ, ഇന്ത്യ, ഇൻഡോനേഷ്യ മുതലായ രാജ്യങ്ങളിലും ഷിയകളുടെ സംഖ്യ അഗണ്യമല്ല.

സുന്നി—ഷിയ വിഭജനത്തിലേക്കു നയിച്ച അഭിപ്രായസംഘട്ടനങ്ങൾ എ. ഡി. 632-ൽ, പ്രവാചകന്റെ മരണകാലത്തുതന്നെ, ആരംഭിച്ചതായി പറയപ്പെടുന്നു. ഇസ്ലാമിന്റെ നേതൃത്വം പ്രവാചകന്റെ കുടുംബത്തിൽത്തന്നെ സ്ഥിതിചെയ്യേണ്ടതായിരുന്നുവെന്നു ഷിയകൾ വിശ്വസിക്കുന്നു. ഈ വിശ്വാസമനുസരിച്ച്, പ്രവാചകന്റെ മകളുടെ ഭർത്താവും നാലാമത്തെ ഖലീഫയുമായ അലിയുടെ നേതൃത്വം ഷിയകൾ സ്വീകരിച്ചു. അലിയും, അദ്ദേഹത്തിന്റെ സന്താനപരമ്പരകളും, ഷിയകളുടെ വീക്ഷണത്തിൽ ഇമാമുകൾ (ഈശ്വരപ്രചോദനം നേടിയ മതനേതാക്കളും, മനുഷ്യർക്കും ഈശ്വരനുമിടയിൽ മാധ്യസ്ഥ്യം വഹിക്കുന്നവരും) ആണ്. അലി എ. ഡി. 661-ൽ കൊല്ലപ്പെട്ടു. അലിയുടെ പുത്രൻ ഹുസൈനും വധിക്കപ്പെടുകയാണുണ്ടായത്. പന്ത്രണ്ടാമത്തെ ഇമാം എ. ഡി. 940-ൽ

അപ്രത്യക്ഷനായി. അദ്ദേഹം ആയിരത്തിലേറെ വർഷങ്ങൾക്കു ശേഷം ഇപ്പോഴും ഒളിച്ചു ജീവിക്കുകയാണെന്നും, അവസരം വരുമ്പോൾ വീണ്ടും പ്രത്യക്ഷപ്പെട്ട് വിശുദ്ധമായ ഇസ്ലാമിക ഗവണ്മെന്റ് സ്ഥാപിക്കുമെന്നും ഷിയകൾ വിശ്വസിക്കുന്നുണ്ടത്രേ. അലി, ഹുസ്സൈൻ എന്നിവരുടെ ദാരുണമായ മരണംമൂലം, ഷിയകൾ രക്തസാക്ഷിത്വത്തിനും പാപപ്രായശ്ചിത്തത്തിനും കൂടുതൽ ഊന്നൽ നൽകുന്നുണ്ട്. മതത്തിനുവേണ്ടി രക്തസാക്ഷിത്വം വഹിക്കുന്നതിനുള്ള ആവേശം, സുന്നികളേക്കാൾ കൂടുതൽ ഷിയകളിലുള്ളതായും പറയപ്പെടുന്നു.

ആയത്തൊള്ള ഖൊമൈനി ഷിയയാണ്. പേരിന് സുന്നിയെങ്കിലും യഥാർത്ഥത്തിൽ മതനിഷേധകനാണ് സദ്ദാം ഹുസ്സൈനെന്നും, ഹുസ്സൈനെ സ്ഥാനഭ്രഷ്ടനാക്കി ഷിയകൾക്കു മേൽക്കൈയുള്ള യഥാർത്ഥ ഇസ്ലാമിക ഭരണം ഇറാക്കിൽ സ്ഥാപിക്കണമെന്നും ഖൊമൈനി ഇറാക്കിലെ ഭൂരിപക്ഷക്കാരായ ഷിയകളെ നിരന്തരം ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

സദ്ദാം ഹുസ്സൈനോട് ഖൊമൈനിക്കുള്ള വിരോധം മിക്കവാറും വ്യക്തിപരമാകുന്നു. തനിക്കെതിരായ പ്രവർത്തനങ്ങളിലേർപ്പെട്ടിരുന്ന ഖൊമൈനിയെ ഷാ ഇറാക്കിലേക്ക് നാടുകടത്തി. ഈറാനുമായുള്ള ഇറാക്കിന്റെ ബന്ധത്തിൽ ഒരു ഉപകരണമായി ഖൊമൈനിയെ ഉപയോഗപ്പെടുത്താൻ ഹുസ്സൈൻ ശ്രമിച്ചു. 1975-ൽ, ഷായുടെ ആവശ്യപ്രകാരം, ഹുസ്സൈൻ ഖൊമൈനിയെ വീട്ടുതടങ്ങലിൽ വെക്കുകയും ചെയ്തു. 1978-ൽ സദ്ദാം ഹുസ്സൈൻ ഖൊമൈനിയെ ഇറാക്കിൽനിന്നു ഫ്രാൻസിലേക്ക് നാടുകടത്തി. തന്റെ ഒന്നാമത്തെ ശത്രു ഷായും, രണ്ടാമത്തെ ശത്രു അമേരിക്കൻ 'ചെകുത്താനും', മൂന്നാമത്തെ ശത്രു സദ്ദാം ഹുസ്സൈനുമാണെന്ന് ഖൊമൈനി പ്രഖ്യാപിച്ചിട്ടുണ്ട്. ഷാ മരിച്ചിരിക്കുന്നു. അമേരിക്കൻ എംബസ്സിയിലെ അംഗങ്ങളെ 444 ദിവസം തടവിൽ വെച്ച് ഖൊമൈനി അമേരിക്കൻ ചെകുത്താനോടു പക വീട്ടിക്കഴിഞ്ഞു. മൂന്നാമത്തെ ശത്രുവിനോടു പ്രതികാരം ചെയ്യാനാണ് ഇപ്പോൾ ഇമാം ഖൊമൈനിയുടെ ശ്രമം.

ഈ യുദ്ധത്തിൽ ഈറാൻകാരെ അമേരിക്കക്കാരും റഷ്യക്കാരും സഹായിക്കുന്നുണ്ടത്രേ. അമേരിക്കക്കാരുടെ കൈയിൽനിന്ന് ഷാ വാങ്ങി സൂക്ഷിച്ചിരുന്ന ആയുധക്കൂമ്പാരം അങ്ങനെതന്നെ ഖൊമൈനിക്കു കിട്ടി. അമേരിക്കൻ യുദ്ധോപകരണങ്ങൾക്കു വേണ്ട സ്പെയർപാർട്ടുകളടക്കം പന്ത്രണ്ടു കോടി ഡോളർ വിലയുള്ള അമേരിക്കൻ ആയുധങ്ങൾ ഇസ്രായേൽ ഈറാന് ഈയിടെ വില്ക്കുകയുണ്ടായി. അമേരിക്കൻ ആയുധങ്ങൾ ഉപയോഗിക്കേണ്ട വിധം ഈറാനിലെ പട്ടാളക്കാരെ പഠിപ്പിക്കാൻ ആവശ്യമുള്ളത്ര വിദഗ്ദ്ധരെയും ഇസ്രായേൽ ഈറാനിലേക്കയച്ചു. തങ്ങളുടെ ശത്രുവായ ഇറാക്കിലെ സദ്ദാം ഹുസ്സൈനെ കുഴക്കണമെന്നതായിരുന്നു ഇസ്രായേലിന്റെ ഉദ്ദേശ്യം. അമേരിക്ക ഇതിൽ ഇസ്രായേലിനോടു പ്രതിഷേധിക്കുകയുണ്ടായില്ല. അവർക്കും ഇസ്രായേലിന്റെ ഈ നടപടി സമ്മതമായിരുന്നു.

സോവിയറ്റ് യൂണിയനും ഖൊമൈനിയെ സഹായിക്കുന്നുണ്ട്. റഷ്യയിൽ നിന്നു നേരിട്ടും, വടക്കേ കൊറിയ, ക്യൂബ, കിഴക്കേ ജർമനി എന്നീ കമ്യൂണിസ്റ്റ് രാജ്യങ്ങളിലൂടെയും ഈറാന് ആയുധസഹായവും സാമ്പത്തിക സഹായവും ലഭിക്കുന്നുണ്ടത്രേ. സോവിയറ്റ്യൂണിയനും ഈറാനുമിടയിലുള്ള അതിർത്തിക്ക് 1090 മൈൽ ദൈർഘ്യമുണ്ട്. ഈ അതിർത്തിയിലുണ്ടായിരുന്ന എട്ടു ഡിവിഷൻ സൈന്യങ്ങളെയാണത്രെ അവിടെനിന്നു പിൻവലിച്ച് ബസ്രക്കു നേരെ ഈറാൻ ഈയിടെ അയച്ചത്. ഇപ്പോൾ ഈ അതിർത്തി മിക്കവാറും അരക്ഷിതമാണ്. സോവിയറ്റ് യൂണിയനും ഈറാനുമായി ചില സ്വകാര്യ ധാരണകളെങ്കിലും ഉണ്ടായിട്ടുണ്ടാവണം എന്നാണ് ഇതിൽനിന്നുള്ള ന്യായമായ അനുമാനം. ഇറാക്കിനെ ആക്രമി

ക്കുകയാണെങ്കിൽ ഈറാനെ റഷ്യ സഹായിക്കുമെന്ന്, ഇറാക്കിന്റെ സുഹൃത്തായ യോർദാനിലെ ഹുസൈൻ രാജാവിനോട് റഷ്യൻ വിദേശകാര്യമന്ത്രി ഗ്രോമിക്കോ പറഞ്ഞിട്ടുമുണ്ടത്രേ.

അറബ് രാജ്യങ്ങളിൽത്തന്നെ, സിറിയയും ലിബിയയും പരസ്യമായി ഈറാനെ അനുകൂലിക്കുന്നുണ്ട്. സിറിയയിലൂടെ ഈറാന് ഒട്ടധികം റഷ്യൻ ആയുധങ്ങൾ കിട്ടിയതായി പറയപ്പെടുന്നു.

മറുവശത്ത്, ഇറാക്കിനേയും സോവിയറ്റ് യൂണിയൻ സഹായിച്ചുവരുന്നു. 1960-ൽ ഇറാക്കുമായി ഒരു സൗഹാർദസന്ധിയിൽ സോവിയറ്റ് യൂണിയൻ ഒപ്പുവെക്കുകയുണ്ടായി. ഇറാക്ക് സൈന്യത്തിന് ഏറ്റവുമധികം ആയുധങ്ങൾ നൽകിയിട്ടുള്ളത് റഷ്യയാണ്.

സൗദി അറേബ്യയും ഗൾഫ് രാജ്യങ്ങളും ഇറാക്കിന് ഉദാരമായി ധനസഹായം നൽകിവരുന്നു. ചുരുങ്ങിയത് രണ്ടായിരം കോടി (ഇരുപതു ബില്യൺ) ഡോളറെങ്കിലും ഇറാക്കിന്റെ യുദ്ധച്ചെലവിലേക്ക് ഈ രാജ്യങ്ങൾ നൽകിക്കഴിഞ്ഞിട്ടുണ്ട്. കിട്ടുന്നിടത്തുനിന്നൊക്കെ ആയുധം വാങ്ങിക്കൂട്ടാൻ ഈ ധനസഹായം ഇറാക്കിനു കഴിവുണ്ടാക്കിയിട്ടുണ്ട്. അമേരിക്കയിൽനിന്ന് സൗദി അറേബ്യയും മറ്റും വാങ്ങിയ ആയുധങ്ങളിൽ വളരെ വലിയ ഒരു പങ്ക് ഇറാക്കിന്റെ കൈവശം ചെന്നെത്തിയിട്ടുണ്ടാവും. അമ്പതു കോടി ഡോളർ വിലയുള്ള ആയുധങ്ങൾ അടുത്ത കാലത്ത് ഈജിപ്ത്തന്നെ ഇറാക്കിനു വിറ്റിട്ടുണ്ട്.

ഖൊമൈനിയുടെ 'ഇസ്ലാമിക അടിസ്ഥാനവാദം' പരക്കുന്നതിൽ പണക്കാരായ അറബി രാജ്യങ്ങൾക്കെല്ലാം ഭയമുണ്ട്. അതിനാൽ സ്വന്തം നിക്ഷിപ്ത താല്പര്യങ്ങളുടെയും, ഭോഗപ്രധാനമായ സ്വന്തം ജീവിതസമ്പ്രദായത്തിന്റെയും രക്ഷയ്ക്കുവേണ്ടി ഖൊമൈനിയെ പരാജയപ്പെടുത്തുവാൻ സൗദി അറേബ്യയും ഗൾഫ് രാജ്യങ്ങളും ഈജിപ്തും സദ്ദാം ഹുസൈനെ അങ്ങേയറ്റം തുണയ്ക്കാതിരിക്കുകയില്ല.

എങ്കിലും ഇറാക്കിന് ഏറെനാൾ ഈറാനെ ചെറുത്തുനില്ക്കാൻ കഴിയുമോ? ഇറാക്കിന്റെ നാലിരട്ടി വലിപ്പമുണ്ട് ഈറാന്. ഈറാനിലെ ജനസംഖ്യ ഇറാക്കിലെ ജനസംഖ്യയുടെ മൂന്നിരട്ടി വരും. ഈറാന്റെ ഭാഗത്ത് യുദ്ധം ചെയ്യുന്നത് പട്ടാളക്കാർ മാത്രമല്ല, അമിതമായ മതാവേശമുള്ള 'റവല്യൂഷണറി ഗാർഡുകൾ' കൂടിയാണ്. ഏതാനും മാസങ്ങൾക്കുള്ളിൽ ഇറാക്കിൽ ഒരു വിപ്ലവമുണ്ടായിക്കൂടെന്നില്ല. അട്ടിമറികളാണെങ്കിൽ, നിത്യേനയെന്നോണം നടന്നുകൊണ്ടിരിക്കുന്നു. സദ്ദാം ഹുസൈന്റെ അധികാരം പൊടുന്നനെ അസ്തമിക്കുകയും, ഖൊമൈനിയുടെ അഭിലാഷങ്ങൾക്കനുസരിച്ച് ഒരു ഷിയാ വിപ്ലവ ഗവണ്മെന്റ് അവിടെ സ്ഥാപിക്കപ്പെടുകയും ചെയ്താൽ, അതിൽ ആശ്ചര്യപ്പെടേണ്ടതില്ല.

പക്ഷേ, വിപ്ലവമുണ്ടായാൽ അത് ഇറാക്കിൽ മാത്രമായി ഒതുങ്ങിനിന്നേക്കുകയില്ല. വളരെ വേഗം ആ വിപ്ലവം ഗൾഫ്‌രാജ്യങ്ങളിലേക്കും സൗദി അറേബ്യയിലേക്കും വ്യാപിക്കാനുള്ള സാധ്യതയുണ്ട്. 'ഗൾഫ് വിമോചനത്തിനുള്ള ജനകീയമുന്നണി' എന്ന പേരിൽ ഒരു വിപ്ലവ-ഭീകര-സൈനിക സംഘടനയ്ക്ക് ഈറാനിലും ദക്ഷിണ യെമനിലും ലിബിയയിലും കുറേക്കാലമായി പരിശീലനം കൊടുത്തുവരുന്നുണ്ടത്രേ. പരിശീലനം നേടിയ ആദ്യസംഘം രണ്ടു വർഷം മുമ്പ് ഗൾഫ്‌രാജ്യങ്ങളിൽ കടന്നിട്ടുള്ളതായും പറയപ്പെടുന്നു. ഇവരിൽ എൺപതു പേരെ 1981 ഡിസംബറിൽ ബഹ്റീൻ പോലീസ് അറസ്റ്റു ചെയ്യുകയുണ്ടായി. ബഹ്റീൻ ഗവണ്മെന്റിനെ അട്ടിമറിക്കാൻ ശ്രമിക്കുകയായിരുന്നുവത്രേ ഈ എൺപതുപേർ.

ഇത്തരം അട്ടിമറിക്കാരെ ചെറുക്കുന്നതിന്, ഇറാക്കിന്റെ അതിർത്തിയിൽ കുവെയ്ത്തിലും, സൗദി അറേബ്യയുടെ കിഴക്കൻ സംസ്ഥാനങ്ങളിലും ഒരു അറബ് സൈന്യത്തെ സ്ഥാപിക്കാൻ ഇറാക്കിന്റെ സഖ്യകക്ഷി

കൾ ആലോചിച്ചുവരുന്നു. ഇതിനു വേണ്ട പട്ടാളക്കാരെ ഈജിപ്റ്റ് കൊടുക്കും. അറബ് രാജ്യങ്ങളിൽ എവിടേയും, ആവശ്യാനുസരണം, ഈ പട്ടാളത്തെ ഉപയോഗിക്കാം. വേണ്ടത്ര ആയുധങ്ങളും, വിമാനസഹായവും കപ്പൽസഹായവും അടക്കം മററു സഹായങ്ങളും ഈ പട്ടാളത്തിന് അമേരിക്ക നൽകണമെന്നും, ഇസ്രായേലുമായി ഈജിപ്റ്റ് സന്ധി ചെയ്തതിനെ ത്തുടർന്ന് ഈജിപ്റ്റിനോടുള്ള നയതന്ത്രബന്ധങ്ങൾ വിച്ഛേദിച്ച അറബി രാജ്യങ്ങൾ ആ ബന്ധങ്ങൾ പുനഃസ്ഥാപിക്കണമെന്നും രണ്ട് നിബന്ധനകളാണത്രെ, ഇങ്ങനെയൊരു സൈന്യം രൂപവല്ക്കരിക്കുന്നതിന് ഈജിപ്റ്റ് മുന്നോട്ടുവെച്ചിട്ടുള്ളത്.

ആകെക്കൂടി, മധ്യപൗരസ്ത്യപ്രദേശത്തിലെ രാജ്യങ്ങൾ തമ്മിലുള്ള ബന്ധുത്വവും ശത്രുത്വവും വ്യവച്ഛേദിച്ച് അറിയുക പ്രയാസമായിത്തീർന്നിരിക്കുന്നു.

പേഴ്സ്യൻ ഗൾഫിൽ വളർന്നുവരുന്ന ഈ സംഘർഷം അമേരിക്കയും സോവ്യററ് യൂണിയനും തമ്മിൽ നേരിട്ടുള്ള ഒരേററുമുട്ടലിലേക്കു നയിച്ചുകൂടായ്കയില്ല.

ഇവരുടെയൊക്കെ കണ്ണ് മധ്യപൗരസ്ത്യദേശത്തിലെ മണൽപ്പരപ്പിന്നടിയിലുള്ള എണ്ണനിക്ഷേപത്തിലാണ്. സൗദി അറേബ്യ ഇപ്പോൾ ഓരോ ദിവസവും അറുപത്തഞ്ചു ലക്ഷം ബാരൽ എണ്ണ ചാമ്പിയെടുക്കുന്നുണ്ട്. ഈ എണ്ണയുടെ അളവ് ദിവസേന ഒന്നരക്കോടി ബാരൽവരെ ഉയർത്താൻ കഴിയും. ഇൗറാൻ, ഇറാക്ക്, കുവെയ്ത്ത് എന്നിവിടങ്ങളിൽനിന്ന് ഇപ്പോൾ ദിവസേന നാല്പതു ലക്ഷം ബാരൽ എണ്ണ കിട്ടുന്നു. ഈ ഉല്പാദനവും വലിയ അളവിൽ വർധിപ്പിക്കാൻ സാധിക്കും.

പാശ്ചാത്യ വ്യാവസായികസഭ്യതയുടെ ജീവജലം എണ്ണയാണ്.

ഈ എണ്ണയിൽ ഇപ്പോൾ തീ പിടിച്ചിരിക്കുന്നു!

2 ആഗസ്റ്റ്, 1982

# 6. ലെബനോൺ യുദ്ധം

ജൂൺ ആദ്യവാരത്തിൽ ലെബനോണിനെതിരെ കരയിലൂടെയും കടലിലൂടെയും ആകാശത്തിലൂടെയും കടുത്ത ആക്രമണം ആരംഭിച്ച ഇസ്രായേൽ സൈന്യം, ആ അയൽരാജ്യത്തിന്റെ തെക്കേ പകുതി കീഴടക്കി. ഏതാണ്ട് മധ്യഭാഗത്തിലുള്ള ബെയ്റൂട്ടുനഗരം വളഞ്ഞുനില്ക്കുകയാണ് ഇപ്പോൾ. അടിമുതൽ മുടിവരെ ആയുധവല്ക്കരിച്ച ഒരു രാജ്യമാണ് ഇസ്രായേൽ. അവിടുത്തെ എല്ലാ പൗരന്മാരും 'പൗരി'മാരും പട്ടാളപരിശീലനം നേടിയിട്ടുള്ളവരാണ്. അത്യാധുനികങ്ങളായ അമേരിക്കൻ ആയുധങ്ങൾ അവർക്കു വേണ്ടുവോളമുണ്ട്.

ലെബനോണിനു പറയത്തക്ക സൈന്യശക്തിയൊന്നുമില്ല. ഇസ്രായേലിനെ ചെറുത്തു നില്ക്കണമെന്ന ആഗ്രഹവും, ചെറുത്തുനില്ക്കാമെന്ന പ്രതീക്ഷയും, ആ രാജ്യത്തിനില്ല. മുസ്ലിങ്ങളേക്കാൾ അധികം ക്രിസ്ത്യാനികളാണ് ലെബനോണിലെന്നു കരുതപ്പെടുന്നു (അറുപതു ശതമാനം). ലെബനോണിൽ ഒരു ക്രിസ്ത്യൻരാജ്യം സ്ഥാപിക്കുകയാണു തങ്ങളുടെ ആത്യന്തികലക്ഷ്യമെന്ന് ഇസ്രായേലിന്റെ നേതാക്കൾ പലകുറി പ്രഖ്യാപിച്ചിട്ടുണ്ട്. അതിനാൽ, ലെബനോൺ ജനത പൊതുവെ ഇസ്രായേലിന് എതിരല്ല. ലെബനോണിലെ ക്രിസ്ത്യാനികളിൽ വലിയ ഒരു വിഭാഗം 'ഫലാഞ്ജ്' എന്ന പേരിൽ, ഏറെക്കുറെ